**കേരള കാർഷിക സർവകലാശാല**
**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം**
**അമ്പലവയൽ, വയനാട്**

മൊബൈൽ: 9188224421, ഫോൺ: 04936 260421/260561
ഇമെയിൽ: rarsamb@kau.in/ adramb@kau.in


നമ്പർ ഇ.6098/2025 തീയതി. 09.10.2025

## ടെണ്ടർ നോട്ടീസ്

ഈ കേന്ദ്രത്തിലെ [കേരള കാർഷിക സർവകലാശാലയുടെ കീഴിൽ അമ്പലവയലിൽ പ്രവർത്തിക്കുന്ന പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം] വിത്ത് നടീൽ വസ്തുക്കളുടെ ഉൽപാദനത്തിന് ഉപയോഗിക്കാവുന്ന ഗുണനിലവാരമുള്ള ചാണകം ആവശ്യാനുസരണം എത്തിച്ച തരുവാൻ താല്പര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മുദ്രവെച്ച ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ടെണ്ടർ നമ്പർ | ഇ.6098 /2025 |
| ടെണ്ടറുകൾ ലഭിക്കേണ്ട അവസാന തീയതിയും, സമയവും | 23.10.2025, 2.30 pm |
| ടെണ്ടർ തുറക്കുന്ന തീയതിയും സമയവും | 23.10.2025, 3.00 pm |
| നിരത ദ്രവ്യം (EMD) | Rs. 2000/- |
| ടെണ്ടർ ഫീ | 472/-രൂപ<br>[400/- രൂപ ടെൻഡർ ഫീയും<br>72 രൂപ ജി എസ് റ്റിയും സഹിതം] |
| ടെണ്ടർ കാലാവധി | സപ്ലൈ ഓർഡർ തിയതി മുതൽ ഒരു വർഷം |
| ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും | അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്<br>പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം,<br>അമ്പലവയൽ, പിൻ-673593 |

## വ്യവസ്ഥകളും നിർദേശങ്ങളും

1. കേരള കാർഷിക സർവകലാശാലാ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത ടെൻഡർ ഫോമാണ് ഉപയോഗിക്കേണ്ടത് [വെബ്സൈറ്റ് വിലാസം: http://www.kau.in/tenders]. ടി ഫോമിലെ 1, 2, 10 എന്നീ പേജുകൾ കൃത്യമായും പൂർണമായും പൂരിപ്പിക്കേണ്ടതാണ്
2. നല്ല ഗുണമേന്മയുള്ള മണ്ണോ മറ്റ മാലിന്യങ്ങളോ കലരാത്ത ചാണകം ആണ് ഇറക്കിത്തരേണ്ടത്
3. ഒരു ലോഡ് ചാണകം (200 ഫീറ്റ്) ഫാമിലെ വിവിധ ബ്ലോക്കുകളിൽ ഇറക്കി തരുന്നതിന് വേണ്ട തുകയാണ് ടെണ്ടറിൽ കാണിക്കേണ്ടത് ചാണകം 200 അടി (ഒരു ലോഡ്) കണക്കിലാണ് വിതരണം ചെയ്യേണ്ടത്
4. സീൽ ചെയ്ത കവറിന് മുകളിൽ **'ചാണകത്തിനുള്ള ടെണ്ടർ'** എന്ന് എഴുതിയിരിക്കണം
5. ഖണ്ഡിക [1] വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽ [Format of agreement to be submitted along with the tender] 200 രൂപാ മൂല്യമുള്ള കേരള മുദ്രപത്രത്തിൽ കരാർ ചമക്കേണ്ടതും ആയത് ടെൻഡർ ഫോമിനൊപ്പം ഹാജരാക്കേണ്ടതുമാണ് [Purchasing Officer: The Associate Director of Research, Regional Agricultural Research Station, Ambalavayal, Wayanad – 673593]. ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ തിരിച്ചറിയൽ രേഖ [ആധാറിനു മുൻഗണന],

6. ടെൻഡറുകൾ ഈ ഓഫിസിൽ നേരിട്ടോ മേൽ സൂചിപ്പിച്ച വിലാസത്തിൽ തപാലിലോ സമർപ്പിക്കാവുന്നതാണ്. തപാലിൽ അയക്കുന്ന ടെൻഡറുകൾ നിശ്ചിത സമയത്തിനു മുൻപേ ഈ ഓഫിസിൽ ലഭിച്ചിരിക്കേണ്ടതാണ്. നിശ്ചിത സമയത്തിനു മുൻപായി ലഭിക്കാത്തതോ, ഏതെങ്കിലും തരത്തിൽ അപൂർണമോ അവ്യക്തമോ ആയ ടെൻഡറുകളും പരിഗണിക്കുന്നതല്ല.

7 ടെൻഡർ സമർപ്പിക്കുന്ന വ്യക്തിക്കോ/സ്ഥാപനത്തിനോ അല്ലെങ്കിൽ ടിയാൾ രേഖാമൂലം ചുമതലപ്പെടുത്തുന്ന ആൾക്കോ ടെൻഡർ നടപടികളിൽ പങ്കെടുക്കാവുന്നതാണ്. അപ്രകാരം പ്രതിനിധീകരിക്കുന്നവർ മതിയായ തിരിച്ചറിയൽ രേഖകൾ ഹാജരാക്കേണ്ടതും, ടിയാളുടെ നടപടികളിൽ ടെൻഡർ അപേക്ഷകർ ഉത്തരവാദികളാകുന്നതുമാണ്.

6. ടെൻഡർ ഫീ, നിരതദ്രവ്യം, കരാർ പത്രം എന്നിവയും, നിർദേശിച്ചിട്ടുള്ള മറ്റു രേഖകളും സമർപ്പിക്കാത്ത ടെൻഡറുകൾ പരിഗണിക്കുന്നതല്ല.

7. ഏറ്റവും കുറഞ്ഞ തുക കാണിച്ചിരിക്കുന്ന ആളുടെ പേരിൽ ടെണ്ടർ ഉറപ്പിക്കുന്നതായിരിക്കും

8. ടെൻഡർ ലഭിക്കുന്ന ആൾ സ്വന്തം നിലയിൽ ചാണകം ഫാമിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് കൃത്യമായി ഫാമിൽ എത്തിക്കേണ്ടതാണ്

9. ടെണ്ടറുകൾ ലഭിച്ച് കഴിഞ്ഞാൽ ഗുണമേന്മയുള്ള ചാണകം കൃത്യമായ അളവിൽ യഥാസമയം സ്ഥാപനത്തിന്റെ നിർദേശപ്രകാരം ഫാമിൽ ഇറക്കി നൽകേണ്ടതാണ്. ഒരു ലോഡ് (200 ഫീറ്റ്) ചാണകത്തിന്റെ കയറ്റിറക്ക്, ഗതാഗതക്കൂലി ഉൾപ്പെടെയുള്ള വില വ്യക്തമായി ടെണ്ടറിൽ രേഖപ്പെടുത്തിയിരിക്കണം

10. ടെണ്ടർ ഉറപ്പിച്ച തീയതി മുതൽ ഒരു വർഷത്തേക്ക് ആയിരിക്കും കാലാവധി.

11. ടെൻഡറുകളുമായി ബന്ധപ്പെട്ട കേരള സർക്കാരിന്റെയും, കേരള കാർഷിക സർവകലാശാലയുടെയും എല്ലാ നിയമങ്ങളും നിബന്ധനകളും നിർദേശങ്ങളും ഉത്തരവുകളും വ്യവസ്ഥകളും ഈ ടെൻഡറിനും ബാധകമാണ്.

12. ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം ടെൻഡർ തുറക്കാൻ കഴിയാതെ വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തു തന്നെ ടെൻഡർ തുറക്കുന്നതാണ്.

13. ഗുണമേന്മ അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് നിയോഗിക്കുന്ന ഉദ്യോഗസ്ഥന് മുന്നിൽ ഉറപ്പുവരുത്തേണ്ടതാണ്

14. ഈ ടെൻഡറുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ആവശ്യമാണെങ്കിൽ ഓഫിസ് സമയത്തു നേരിട്ടോ **04936 – 260421/260561, 9188224421** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടാവുന്നതാണ്

(ഒപ്പ്)
പ്രശാന്ത് പി.എസ്
അഡ് മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്: കെ.എ.യു വെബ് സൈറ്റ്

നോട്ടീസ് ബോർഡ് (ആർ.എ.ആർ.എസ്, ഫാം ഓഫീസ്, കെ.വി.കെ)

ഫാം സൂപ്രണ്ട്/ ഫാം ഇൻ ചാർജ്/ അമ്പലവയൽ വില്ലേജ് ഓഫീസ്/ അമ്പലവയൽ പഞ്ചായത്ത് ഓഫീസ് / അമ്പലവയൽ കൃഷി ഭവൻ

//ഉത്തരവിൻ പ്രകാരം//

സെക്ഷൻ ഓഫീസർ